ശ്രീമതി കെ. ആർ. ഗൗരി: പോദ്യം തൊഴിൽസമരംമൂലം പൂട്ടിക്കിടക്കുന്ന തൊഴിൽശാലകളെ സംബന്ധിച്ചാണ്. കെ. എസ്. ഡി. പി. (എ) പ്ലാൻറിൽ സമരമുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഫാക്ടറി പൂട്ടിയിട്ടില്ലായിരുന്നു. ലേ ഓഫ് വന്നതിൻെറ പേരിൽ ഫാക്ടറി പൂട്ടിയിട്ട് തൊഴിൽസമരം മൂലമാണ് ഫാക്ടറി പൂട്ടിയതെന്നുപറയുന്നത് ശരിയാണോ?

ശ്രീ. കെ. ശിവദാസൻ: വിറ്റാമിൻ (എ) പ്ലാൻറ് എന്നാണ് പറഞ്ഞത്, 100 തൊഴിലാളികളെ ഉൾക്കൊള്ളുന്ന ആ ഭാഗംമാത്രം സമരം മൂലം പൂട്ടികിടക്കുന്നുവെന്നാണ് പറഞ്ഞത്. അതാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്.

ശ്രീമതി കെ. ആർ. ഗൗരി: ഞാനാണ് ഇതിൻെറ പ്രസിഡൻറ്. അത് പൂട്ടിയിട്ടില്ലായിരുന്നു. പത്തുപേരെ മെയിൻറനൻസിനു മാത്രം വച്ചുകൊണ്ട് അത് നടത്തുകയായിരുന്നു. അവിടെ ഇപ്പോഴും ലേ ഓഫാണ്.

ശ്രീ. കെ. ശിവദാസൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ടെക്നിക്കലായിട്ട് ശരിയാണ്. പോദ്യം കേരളത്തിലെ എത്ര തൊഴിൽശാലകൾ സമരംമൂലം പൂട്ടി എന്നാണ്. ഇംഗ്ലീഷിലാണെങ്കിൽ, ലേ ഓഫ്, ലോക്കൗട്ട്, ക്ലോഷർ, ഡിസ്മിസൽ ഓഫ് എംപ്ലോയ്മെൻറ് അങ്ങനെ പല പേരുകളിലാണ്, പറയുന്നത്. പൂട്ടികിടക്കുന്നു എന്നു പറയുമ്പോൾ ഇതെല്ലാംകൂടി ഉൾപ്പെടുത്തി പറഞ്ഞില്ലെങ്കിൽ വസ്തുതകൾ മറച്ചുവെച്ചു എന്ന് അർത്ഥം ഉണ്ടാകും. അതുകൊണ്ട് എല്ലാംകൂടി ചേർത്ത് പറഞ്ഞതാണ്.

റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻെറ പുനഃസംഘടന

*86 [88] ശ്രീ. വി. കേശവൻ:
,, പി. എം. അബൂബക്കർ:
,, സി. ടി. അഹമ്മദ് അലി:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റേറററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ച സക്കറിയാ കമ്മീഷൻ ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിച്ചോ;

(ബി) സമർപ്പിച്ചിട്ടുണ്ടെങ്കിൽ ശുപാർശകൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) ട്രാൻസ്പോർട്ട് കോർപ്പറേഷൻെറ പ്രവർത്തനത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ഡോ. പി.ജെ. അലക്സാണ്ടർ കമ്മീഷൻ അതിൻെറ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിൻെറ ഉള്ളടക്കം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പുതിയ കോർപ്പറേഷൻ രൂപീകരിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) കെ. എസ്. ആർ. ടി. സി. പുനഃസംഘടിപ്പിക്കുന്നതിന് റിപ്പോർട്ട് തയ്യാറാക്കാൻ ഒരു കമ്മീഷനെയും കമ്മിഷനെ നിയമിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി,ഡി,ഇ) നിലവിലുള്ള പൊതുഗതാഗത സംവിധാനത്തിനെ പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ചും അതിനെ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും പുതിയ പൊതുമേഖലാ ഗതാഗത സ്ഥാപനങ്ങൾ തുടങ്ങുന്നതിനെക്കുറിച്ചും പഠിച്ച് ശുപാർശകൾ സമർപ്പിക്കാൻ സർക്കാർ നിയോഗിച്ച ഡോക്ടർ അലക്സാണ്ടർ അദ്ദേഹത്തിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

പൊതുഗതാഗത സംവിധാനം എങ്ങനെ മെച്ചപ്പെടുത്താം എന്നും, പുതിയ ഗതാഗതസ്ഥാപനങ്ങൾ തുടങ്ങുന്ന കാര്യത്തെപ്പറ്റിയും നിലവിലുള്ള കെ.എസ്.ആർ.ടി.സി.യിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകളും അതിനു അനുബന്ധമായ കാര്യങ്ങളും സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. വി. കേശവൻ: അലക്സാണ്ടർ കമ്മീഷൻ റിപ്പോർട്ട് കിട്ടിയിട്ടുണ്ട് എന്നും അതിലെ ചില സൂചനകളും മന്ത്രി ഇവിടെ പറഞ്ഞു. കെ.എസ്.ആർ.ടി.സി. ലിക്വിഡേറ്റ് ചെയ്ത് പിരിച്ചുവിടുന്നതിനും മേഖലാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിനും ചില ശ്രമങ്ങൾ ഈ സംസ്ഥാനത്ത് നടന്നിട്ടുണ്ട്. ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ആദ്യഭാഗം അദ്ദേഹത്തിന്റെ നിർദ്ദേശമാണ്. കെ.എസ്.ആർ.ടി.സി.യുടെ സേവനം ജനങ്ങൾക്ക് പരാവധി ഉപകാരപ്രദമാകുന്ന വിധത്തിൽ പുനഃസംഘടന നടത്തും.

ശ്രീ. വി. കേശവൻ: ബഹുമാനപ്പെട്ട മന്ത്രി ജില്ലാതലങ്ങളിൽ ട്രാൻസ്പോർട്ടിലെ ഉദ്യോഗസ്ഥൻമാരേയും ജനങ്ങളേയും വിളിച്ചു കൂട്ടി ചർച്ച നടത്തുന്നുവെന്ന് പത്രങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അത് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടിയാണോ അതോ പിരിച്ചുവിടാനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനാണോ?

ശ്രീ. പി.കെ. വേലായുധൻ: ജില്ലാതലങ്ങളിൽ കോൺഫറൻസുകൾ നടത്തിയിട്ടില്ല. മൂന്നു സോണുകളായിട്ട്–തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്–തിരിച്ച് ഡി.ടി.ഒ.മാരുടേയും എ.ടി.ഒ.മാരുടേയും ഇൻസ്പെക്ടർമാരുടേയും കോൺഫറൻസുകൾ ഞാൻ വിളിച്ചുകൂട്ടിയിരുന്നു. കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ഇപ്പോൾ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ പെട്ടെന്ന് റിപ്പയർ ചെയ്ത് റോഡിൽ ഇറക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആരായുന്നതിന് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുടെ സഹകരണം കൂടുതൽ ഉറപ്പാക്കിക്കൊണ്ട് നടപ്പിലാക്കുന്നതിനും ചർച്ച ചെയ്യുന്നതിനും മാത്രമായിരുന്നു കോൺഫറൻസ് വിളിച്ചുകൂട്ടിയത്.

ശ്രീ. സി. ടി. അഹമ്മദ് അലി: കമ്മീഷൻ റിപ്പോർട്ട് എന്നു നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: സാധാരണഗതിയിൽ ഗവൺമെന്റ് ഒരു കമ്മീഷനെ നിയമിക്കുകയും കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിനു കിട്ടുകയും ചെയ്തുകഴിഞ്ഞാൽ ഗവൺമെന്റ് അതിൻമേൽ തീരുമാനമെടുക്കുകയും ആ കാര്യം നിയമസഭയിൽ അറിയിക്കുകയും ചെയ്യും. ആ റിപ്പോർട്ടിൻമേൽ എന്ത് നടപടിയെടുത്തു എന്നതിനെ സംബന്ധിച്ച് ഇപ്പോഴത്തെ സഭയിൽ പറയുന്നത് ഉചിതമല്ല എന്നു കരുതുകയാണ്.

ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി): മേഖലാടിസ്ഥാനത്തിൽ ഈ കോർപ്പറേഷൻ വിഭജിച്ച് അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം എന്ന് ഗവൺമെന്റ് തീരുമാനിച്ചു. ഇതു സംബന്ധിച്ച് ഇപ്പോഴത്തെ ചെയ്തിട്ടുള്ള നടപടികളും എന്തൊക്കെയാണ്?

ശ്രീ. പി.കെ. വേലായുധൻ: ഞാൻ നേരത്തേ പറഞ്ഞു, കമ്മീഷന്റെ റിപ്പോർട്ടിൻമേൽ ഗവൺമെന്റ് അന്തിമമായ തീരുമാനം എടുക്കാനിരിക്കുന്നതേയുള്ളു. പല കോർണറുകളിൽനിന്നും കെ.എസ്.ആർ.ടി.സി. മൂന്നു മേഖലകളായി തിരിക്കണമെന്നും പുതിയ കമ്പനികളും തുടങ്ങണമെന്നും നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് ഇത്തരം കാര്യങ്ങളെക്കുറിച്ച് തീരുമാനമെടുക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം പരിഗണിക്കാം.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): ഇപ്പോൾ ഈ കോർപ്പറേഷന്റെ പ്രവർത്തനം ജനങ്ങൾക്ക് പ്രയോജനപ്രദമല്ല. ഇത് കുറേക്കൂടി ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കൂടുതൽ ടയറുകളും സ്പെയർ പാർട്ടുകളും വാങ്ങി സർവ്വീസ് മെച്ചപ്പെടുത്താൻ ശ്രമിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: തീർച്ചയായും. ടയറുകൾ, ഗ്ലാസുകൾ, കർട്ടൻ തുടങ്ങിയ സാധനങ്ങൾ ഇല്ലാത്തതുകൊണ്ട് ഓടാതിരിക്കുന്ന വാഹനങ്ങൾ ഓടിക്കാൻ കെ.എസ്.ആർ.ടി.സി.യെ സഹായിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അടുത്ത അവസരത്തിൽ ഒരുകോടി രൂപ ഈ ഇനത്തിൽ ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.ക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് തീർച്ചയായും ടയർ മുതലായവ ഇല്ലാതിരിക്കുന്ന വാഹനങ്ങൾ ഓടിപ്പിക്കാൻ കഴിയും.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ബി.ഡി.സി. കളുടെ പുനഃസംഘടന

*87 [89] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. എം.കെ. കേശവൻ:
,, കെ.ഇ. ഇസ്മയിൽ:
,, കെ.ടി.കണാരൻ:

ഡോക്ടർ എ. സുബ്ബറാവു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.ഡി.സി.കൾ എന്നാണ് പിരിച്ചു വിട്ടത്;

LIBRARY ARCHIVES Kerala Legislative Assembly